ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പരിശോധിക്കുകയും പോരായ്മകൾ കാണുന്നപക്ഷം അത് സ്ഥാപനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും, മുൻകരുതൽ നടപടികൾ സ്ഥാപനങ്ങളെക്കൊണ്ട് എടുപ്പിക്കുകയും ചെയ്തുവരുന്നു. ഗുരുതരമായ നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുന്നു.

ഇതുകൂടാതെ നിയമങ്ങൾ/ചട്ടങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതിഘടകങ്ങളായ ജലം, വായു തുടങ്ങിയവയുടെ ഗുണനിലവാരം തിട്ടപ്പെടുത്തുക, മാലിന്യസ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുക, മാലിന്യ സ്രോതസ്സുകൾക്ക് പരിധി നിശ്ചയിക്കുക, പൊതുജന ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, മാലിന്യനിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക തുടങ്ങിയ നടപടികളും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എടുത്തുവരുന്നു.

(സി) നദികളിലേക്കും കടലിലേക്കും നേരിട്ടും അല്ലാതെയും പാഴ്ജലം ഒഴുക്കിവിടുന്ന വ്യവസായശാലകൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവയെ ബോർഡിന്റെ നിയന്ത്രണപരിധിയിൽ കൊണ്ടുവന്നു. 1974-ലെ ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമപ്രകാരം പാഴ്ജലത്തിൽ ഘടകങ്ങളുടെ അനുവദനീയപരിധി ഉൾപ്പെടെയുള്ള നിബന്ധനകളോടുകൂടിയ അനുമതിപത്രം എടുപ്പിക്കാനും അനുമതിപത്രത്തിലെ നിബന്ധനകൾ പാലിക്കാൻ തക്കവണ്ണം പര്യാപ്തമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കാനുമുള്ള നടപടികൾ ബോർഡ് എടുത്തിട്ടുണ്ട്. ഈ നടപടികൾ ഭൂജല മലിനീകരണം തടയാനും കുടിവെള്ളത്തിൽ മാലിന്യം കലരാതിരിക്കാനും സഹായിക്കുന്നു.

ദുരിതാശ്വാസഫണ്ടിലേക്ക് രാഷ്ട്രീയപാർട്ടികൾ നൽകിയ പണം

25 [2455] *ശ്രീ. പി. സി. ജോർജ്* : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് ഏതൊക്കെ രാഷ്ട്രീയപാർട്ടികൾ പണം നൽകിയിട്ടുണ്ട് എന്നും എത്ര രൂപവീതം എന്നും വ്യക്തമാക്കുമോ?

ഉത്തരം

26-12-2004 മുതൽ 21-7-2005 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് വിവിധ രാഷ്ട്രീയപാർട്ടികൾ താഴെപ്പറയുംപ്രകാരമുള്ള തുകകൾ സംഭാവന നൽകിയിട്ടുണ്ട്.

ഇന്ത്യൻ നാഷണൽ കോൺഗ്രസും പോഷകസംഘടനകളും	..	26,80,050 രൂപ

LIBRARY ARCHIVES Kerala Legislative Assembly

സി. പി. ഐ.	..	20,12,111	രൂപ
ജനതാദൾ	..	5,000	,,
നാഷണൽ യൂത്ത്‌ലീഗ്	..	6,905	,,
ആകെ		47,04,066	രൂപ

കള്ളനോട്ടടി തടയുന്നതിന് നടപടി

26 [2456] *ശ്രീ. കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ:*
,, *തോമസ് ചാഴികാടൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളനോട്ടടി തടയുന്നതിനും വ്യാപനം പൂർണ്ണമായി ഒഴിവാക്കുന്നതിനും എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കള്ളനോട്ടുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസുകൾ നിലനിൽക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഹൈടെക് സംവിധാനം ഏർപ്പെടുത്തി കള്ളനോട്ടിന്റെ വ്യാപനം തടയുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രഹസ്യാന്വേഷണങ്ങൾ നടത്തി വിവരങ്ങൾ ശേഖരിച്ചും, വിവരം കിട്ടുന്ന മുറയ്ക്ക് പരിശോധന നടത്തിയും, കേസുകളിൽ ഉൾപ്പെട്ടവരെ സൂക്ഷ്മ നിരീക്ഷണം ചെയ്തും ഒരു ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ സ്പെഷൽ ടീം രൂപീകരിച്ചും കുറ്റക്കാർക്കെതിരെ കർശന നിയമനടപടി കൈക്കൊണ്ടുപോരുന്നു.

(ബി) 162 കേസുകൾ അന്വേഷണത്തിലും 402 കേസുകൾ വിവിധ കോടതികളിലായി വിചാരണയിലുമാണ്.

(സി) ചോദ്യം (എ) യുടെ മറുപടിയിൽ പറയുന്ന സംവിധാനമുള്ളതിനാൽ ഇപ്പോൾ പരിഗണനയിലില്ല.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പ്രത്യേക പോലീസ് സംവിധാനം

27 [2457] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
,, *ഗിരിജാ സുരേന്ദ്രൻ:*
ശ്രീ. പിരപ്പൻകോട് മുരളി:
,, *കെ. രാധാകൃഷ്ണൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly